# കേരള സർവകലാശാല

നം. പി.ആർ.270/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ബി.എ ഫലം

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ ബി.എ(ആന്വൽ സ്കീം) /ബി.എ(അഫ്സൽ-ഉൽ-ഉലാമ)പാർട്ട് ഒന്നും രണ്ടും(റഗുലറും സപ്ലിമെന്ററിയും) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ജനുവരി 31 വരെ അപേക്ഷിക്കാം. (ഒന്നും രണ്ടും വർഷ റഗുലർ വിദ്യാർത്ഥികൾക്ക് മെയിനും സബ്സിഡിയറിയും ഉൾപ്പെടെ).

## നിയമവകുപ്പിൽ കൂട്ടതോൽവി : പത്രവാർത്ത അടിസ്ഥാനരഹിതം

കേരള സർവകലാശാലയുടെ നിയമ പഠന വകുപ്പിൽ കൂട്ടതോൽവി നടന്നുവെന്ന രീതിയിൽ വന്ന പത്രവാർത്ത അടിസ്ഥാനരഹിതമാണ്. നിയമ പഠന വകുപ്പിലെ പി.ജി.ഡിപ്ലോമ പരീക്ഷയിൽ വകുപ്പുതലത്തിൽ നടത്തിയ തുടർ മൂല്യനിർണ്ണയത്തിൽ എല്ലാവരും പാസ്സായിട്ടുണ്ട്. സർവകലാശാല നേരിട്ട് നടത്തിയ അവസാനവർഷ പരീക്ഷയിൽ പുറമേ നിന്നുള്ള പരീക്ഷകർ ഉൾപ്പെടുന്നവരാണ് മൂല്യനിർണ്ണയം നടത്തിയത്. നിയമ പഠന വകുപ്പിന്റെ ഒരു തരത്തിലുള്ള ഇടപെടലും ഇതിൽ ഉണ്ടായിട്ടില്ല. പക്ഷപാതരഹിതമായും സത്യസന്ധമായും പരീക്ഷകർ നടത്തിയ മൂല്യനിർണ്ണയത്തിൽ യാതൊരു അപാകതയും ഉണ്ടായിട്ടുള്ളതായി തോന്നുന്നില്ല. പരീക്ഷാബോർഡ് ചെയർമാൻ ബന്ധപ്പെട്ട രേഖകൾ ഒത്തു നോക്കുകയും ശരിയെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

## അന്താരാഷ്ട്ര സ്റ്റാറ്റിസ്റ്റിക്സ് കോൺഫറൻസ്

കേരള സർവകലാശാല സ്റ്റാറ്റിസ്റ്റിക്സ് പഠന ഗവേഷണ വകുപ്പ് അമേരിക്കൻ സ്റ്റാറ്റിസ്റ്റിക്കൽ അസോസിയേഷന്റെ സഹകരണത്തോടെ ഡിസംബർ 14,15,16 തീയതികളിൽ അന്താരാഷ്ട്ര തലത്തിൽ സംഘടിപ്പിക്കുന്ന സ്റ്റാറ്റിസ്റ്റിക്സ് ഇരുപതാം നൂറ്റാണ്ടിലേക്ക് എന്ന കോൺഫറൻസിന്റെ ഉദ്ഘാടനം ഡിസംബർ 14 ന് രാവിലെ 10 മണിയ്ക്ക് മക്മാസ്റ്റർ യൂണിവേഴ്സിറ്റി (കാനഡ) പ്രഫസർ എൻ. ബാലകൃഷ്ണൻ നിർവഹിക്കും. ടെക്നോപാർക്കിലെ ട്രാവൻകൂർ ഹാളിൽ വച്ച് നടക്കുന്ന ഈ കോൺഫറൻസിന്റെ കൂടുതൽ വിവരങ്ങൾക്ക് www.icstckerala.com സന്ദർശിക്കുക. കൂടാതെ സർവകലാശാലയുടെ വെബ്സൈറ്റിൽ (www.keralauniversity.ac.in) News എന്ന ലിങ്കിലും ലഭ്യമാണ്. ഫോൺ : 9895980078.

## സൗജന്യ മെഡിക്കൽ ക്യാമ്പ്

കേരള സർവകലാശാല കാര്യവട്ടം ക്യാമ്പസിലെ ആരോഗ്യകേന്ദ്രത്തിൽ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കും ജീവനക്കാർക്കും വേണ്ടി കിംസ് ഹോസ്പിറ്റലിന്റെ സഹകരണത്തോടെ ഡിസംബർ 15 രാവിലെ ഒൻപത് മണി മുതൽ ഉച്ചക്ക് 1 മണിവരെ സർവകലാശാല സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പിൽ വിവിധ വിഭാഗങ്ങളിലെ വിദഗ്ധരായ ഡോക്ടർമാർ പങ്കെടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് കാര്യവട്ടം ആരോഗ്യകേന്ദ്രത്തിലോ സർവകലാശാല

ഹെൽത്ത് ഇൻഫർമേഷൻ ഓഫീസറെയോ ഈ നമ്പരുകളിൽ (0471–2308976, 9446786582, 8547607433) ഓഫീസ് സമയത്ത് ബന്ധപ്പെടാവുന്നതാണ്.

## ബി.ഡെസ് ടൈംടേബിൾ

കേരള സർവകലാശാല ജനുവരി എട്ടിന് ആരംഭിക്കുന്ന ഒന്ന്, മൂന്ന്, അഞ്ച്, ആറ് സെമസ്റ്റർ ബാച്ച്ലർ ഓഫ് ഡിസൈൻ (ബി.ഡെസ്) പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
13.12.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098